# നാളികേര കർഷകർ ഇനി സംഘടിതശക്തി




4

വൈ.എസ്. ജയകുമാർ

കേരളത്തിലെ നാളികേര കർഷകർ സംഘടിതരായി ശക്തി നേടുകയാണ്. സംഘങ്ങളിലൂടെ സംഘടിതരായ ആറു ലക്ഷം കർഷകർക്കു ഉത്പന്ന മൂല്യവർധനയിലൂടെ വിപണനത്തിനായി 13 കമ്പനികൾ സ്ഥാപിച്ചു കഴിഞ്ഞു. അസംഘടിതരായ കർഷകരുടെ രോദനങ്ങളും ആവശ്യങ്ങളും നിരാകരിച്ചുപോന്നതു അബ്കാരി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെത്തുകാരും അനുബന്ധ മേഖലക്കാരും സംഘടിതരായി ചെറുത്തുപോന്നതിനാലാണ്.

ഉത്പാദക സംഘങ്ങൾക്കു കീഴിലുള്ള സംഘടിതരായ ആറു ലക്ഷം കർഷകരിൽ ചെറിയ ശതമാനം മാത്രമാകും രാഷ്ട്രീയ പാർട്ടികളുടെ അനുയായികൾ. ചെറിയൊരു പങ്ക് അനുഭാവികളുമുണ്ടാകും. ബാക്കിയുള്ളവർ രാഷ്ട്രീയ ചായ്‌വില്ലാത്തവരാണ്. കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിൽ 135 ലും തെങ്ങുകൃഷിയുണ്ട്. ഇതിൽ 75 നിയമസഭാ മണ്ഡലങ്ങളിൽ തെങ്ങ് പ്രധാന കൃഷിയാണ്. അഞ്ചു മണ്ഡലങ്ങളിലൊഴികെ തെങ്ങ് ഒന്നാമത്തെയോ രണ്ടാമത്തെയോ പ്രധാനവിളയാണ്.

ഇന്ത്യയിലെ 545 ലോക്‌സഭാ മണ്ഡലങ്ങളിൽ 55 എണ്ണത്തിൽ തെങ്ങാണു മുഖ്യകൃഷി. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്ര, ഗോവ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപ്, ആൻഡമാൻ- നിക്കോബർ ദ്വീപുകൾ എന്നിവിടങ്ങളിലും തെങ്ങ് കൃഷിയുണ്ട്. എന്നിട്ടും ലോക്‌സഭയിൽ തെങ്ങിന്റേയും നാളികേര ഉത്പന്നങ്ങളുടേയും വിഷയം അവതരിപ്പിക്കാൻ അപൂർവം എംപിമാർ മാത്രമേ ഉണ്ടാകൂ. തെങ്ങ് കൃഷിയുള്ള സംസ്ഥാനങ്ങളിലെ നിയമസഭയിലെ സ്ഥിതി ആയാലും ഇതൊക്കെതന്നെയാണ്.

തെങ്ങുകൃഷിക്കാർ ജനശക്തിയായി മാറിയ സാഹചര്യത്തിൽ അവർക്കായി വാദിക്കാൻ ഇനി ആളുണ്ടാകും. കേരളത്തിൽ 30 നിയമസഭാ മണ്ഡലങ്ങളിലെങ്കിലും ഏതു കക്ഷി ജയിച്ചാലും 3000 മുതൽ 5000 വരെ ഭൂരിപക്ഷമാണ് ഉണ്ടാകുന്നത്. അതിനാൽ നാളികേര കർഷകരെ അവഗണിച്ചു 27,000 ചെത്തു തൊഴിലാളികൾക്കുവേണ്ടി നിലപാട് സ്വീകരിച്ചാൽ കനത്ത തിരിച്ചടി നൽകാൻ തെങ്ങുകൃഷി ചെയ്യുന്നവർക്കും കഴിയും. തെങ്ങ് കൃഷിക്കാരിൽ ചെറിയൊരു വിഭാഗമാണ് ഇതുവരെ സംഘടിതരായത്. ഉത്പാദക സംഘങ്ങളിൽ അംഗമാകുന്നവരുടെ എണ്ണം 20 ലക്ഷമോ 30 ലക്ഷമോ ആയി വർധിക്കുന്നതോടെ കേര കർഷകർ നിർണായകശക്തിയായും വോട്ടുബാങ്കായും മാറും.

## ചിറ്റൂരിലും നീരയുടെ പ്രതിഫലനം

കേരളത്തിന്റെ കള്ളറയാണു പാലക്കാട്ടെ ചിറ്റൂർ. ഇവിടെ നിന്നു ദിനംപ്രതി രണ്ടേമുക്കാൽ ലക്ഷത്തിലേറെ ലിറ്റർ കള്ള് ദിവസേന കേരളത്തിന്റെ എല്ലാ ജില്ലകളിലേക്കും കൊണ്ടുപോകുന്നതായി എക്സൈസിന്റെ കണക്കിൽ കാണാം. യഥാർഥത്തിൽ ഇതിന്റെ എത്രയോ മടങ്ങ് കള്ള് അവിടെനിന്നു കൊണ്ടുപോകുന്നു.

പശ്ചിമഘട്ട മലനിരകളിൽ മല മാറിനിൽക്കുന്ന 38 കിലോമീറ്ററായ പാലക്കാട് ചുരത്തിൽ മലനിരകളുടെ അടിവാരത്തെ ഫലപുഷ്ടിയുള്ള മേഖലയിലാണു കള്ളറയായ ചിറ്റൂർ സ്ഥിതി ചെയ്യുന്നത്. നീര ഉത്പാദനത്തിന് ഒരു കർഷകനു മുക്കാൽ ലക്ഷത്തോളം രൂപ കൈമാറിയ മുതലമട ചിറ്റൂരിന്റെ സമീപസ്ഥലമാണ്.

ചിറ്റൂരിൽ ഒരു തെങ്ങ് ചെത്താൻ നൽകിയാൽ കിട്ടിയിരുന്ന പാട്ടത്തുക 300 രൂപയായിരുന്നു. നീര ചെത്തു തുടങ്ങിയപ്പോൾ പാട്ടത്തുക 400 രൂപയാക്കി. മാത്രമല്ല ആറുമാസ പാട്ടം മുൻകൂർ നൽകിത്തുടങ്ങി. പത്തു തെങ്ങ് കള്ളുചെത്തിനും ഒരു തെങ്ങ് നീര ചെത്തിനും നൽകുന്നതു കർഷകനു തുല്യവരുമാനമാണു നേടിക്കൊടുക്കുന്നത്. അതിനാൽ കള്ളുചെത്ത് ഒഴിവാക്കാൻ പലരും ശ്രമിക്കുന്നു. കള്ള് ചെത്തുന്ന പറമ്പിൽ നീര ചെത്താൻ അനുമതി നൽകുന്നതിനു നിയമതടസവുമുണ്ട്.

ചിറ്റൂരിൽ 1,40,000 തെങ്ങ് ചെത്താനാണ് എക്സൈസുകാർ നമ്പരിട്ടു നൽകിയത്. ഒരു തെങ്ങിന് മാസം 100 രൂപ പാട്ടം കൂട്ടിയതോടെ കള്ള് ചെത്താൻ എടുത്തവർക്ക് ഒരുമാസം ഒരു കോടി 40 ലക്ഷം രൂപ അധികച്ചെലവ് വന്നു. ഇങ്ങനെ പോയാൽ നാലോ ആറോ മാസത്തിനകം ഒരു തെങ്ങിന്റെ പാട്ടത്തുക 300 രൂപ കൂടി വർധിപ്പിക്കേണ്ടിവന്നാലും അതിശയിക്കേണ്ടതില്ല. ഒരു തെങ്ങിന്റെ പാട്ടത്തുക മാസം ആയിരമായി ഉയർന്നാൽ കള്ള് ചെത്താനെടുക്കുന്നവർക്ക് അധികച്ചെലവ് മാസം 10 കോടി രൂപയാകും. നീര ഉത്പാദനം വന്നതു തെങ്ങ് കള്ളുചെത്തിനു നൽകിയവർക്കും വരുമാനവർധനയ്ക്കു കാരണമായിട്ടുണ്ട്.

ഈ സാഹചര്യം ചിറ്റൂർ മേഖലയിൽ സംഘർഷത്തിന് ഇടയാക്കുന്നുണ്ട്. അതിനാൽ ഉത്പാദക സംഘത്തിൽ അംഗമാകുന്നതും കമ്പനിയിൽ ഓഹരിയെടുക്കുന്നതും ഒരു വിഭാഗം ശക്തമായി എതിർക്കുന്നു. ചിറ്റൂരിലെ കള്ളുചെത്തുകാരിൽ ട്രേഡ് യൂണിയനിലും ക്ഷേമനിധിയിലും അംഗത്വമുള്ളവർ വളരെ കുറവാണ്. അഥവാ ഉള്ളവർപോലും ചെത്താൻ തെങ്ങിൽ കയറുന്നില്ല. 400 രൂപ ദിവസക്കൂലിക്കു തമിഴ്നാട്ടുകാരാണു ചെത്തുന്നത്.

ചിറ്റൂർ താലൂക്കിൽ മുതലമട, പട്ടാഞ്ചേരി, പെരുമാട്ടി, കൊഴിഞ്ഞാംപാറ, എരുത്തേൻപതി, വടകരപ്പതി എന്നീ പഞ്ചായത്തുകളെല്ലാം തമിഴ്നാടുമായി അതിർത്തി പങ്കിടുന്നവയാണ്. തോട്ടം ഉടമകളിൽ ഗണ്യമായ പങ്ക് തമിഴ് വംശജരായ ഗൗണ്ടർമാരാണ്.

## കള്ളിലെ കള്ളക്കണക്ക്

പുളിക്കുന്തോറും വെള്ളം ചേർത്താൽ തിരിച്ചറിയില്ലെന്നതാണു കള്ളിന്റെ പ്രത്യേകത. ചിറ്റൂരിലെ തെങ്ങിൽ നിന്ന് നാലു മുതൽ 16 ലിറ്റർ വരെ കള്ള് ദിവസേന ചെത്തിയിറക്കുന്നുണ്ട്. എക്സൈസിൽ നിന്നു നമ്പരിട്ട പ്രകാരം 1,40,000 തെങ്ങിൽ നിന്ന് ശരാശരി രണ്ടു ലിറ്റർ കണക്കിൽ 2,80,000 ലിറ്റർ കള്ള് കിട്ടും. ഇതു മറ്റു ജില്ലകളിലേക്കു കടത്തിവിടുമ്പോൾ ഇടനിലക്കാരനു ലിറ്ററിന് പത്തുരൂപ നിരക്കിൽ ദിവസം 28 ലക്ഷം രൂപ ലഭിക്കും.

എന്നാൽ, നമ്പരിട്ടതിന്റെ ഇരട്ടിയിലേറെ തെങ്ങ് ചിറ്റൂരിൽ ചെത്തുന്നുണ്ട്. കടത്തിവിടുന്ന കള്ളിന്റെ അളവും ചെത്തിയ പറമ്പും കള്ളുഷാപ്പ് വിവരവും ശേഖരിക്കാൻ കുതിരാനിൽ സംവിധാനമുണ്ടെങ്കിലും പേരിനുപോലും പരിശോധനയില്ല. പത്തു ലിറ്റർ കള്ളിന് ഒരു ലിറ്റർ വെള്ളം ചേർത്താൽ ലിറ്ററിന് 60 രൂപ പ്രകാരം 17 ലക്ഷത്തോളം രൂപ അധികമായി കൈയിലെത്തും.

ചിറ്റൂരിലെ ഒരു ഒരു തെങ്ങിൽ നിന്ന് ശരാശരി നാലു ലിറ്ററിൽ കൂടുതൽ കള്ളിറക്കുന്നതിനാൽ യഥാർഥ വരുമാനം 30 ലക്ഷത്തിലേറെയാകും. നമ്പരിട്ടതിന്റെ ഇരട്ടി തെങ്ങ് ചെത്തുന്നതിനാൽ ഇടനിലക്കാരുടെ കൈകളിലേക്ക് ദിവസേന ഒരു കോടിയോളം രൂപ എത്തിച്ചേരുന്നു. കള്ളുവ്യവസായം നടത്തുന്നവർ ഉത്പാദക സംഘങ്ങൾക്കെതിരേ തിരിയുന്നതിന്റെ കാരണമിതാണ്. (അവസാനിച്ചു)

## കേരളത്തിലെ 10 ശതമാനം തെങ്ങ് ചെത്തിയാൽ വരുമാനം 54,000 കോടി: കെ.എം. ചന്ദ്രശേഖർ

കേരളത്തിലെ 10% തെങ്ങ് നീരയെടുക്കാൻ ചെത്തിയാൽ സംസ്ഥാനത്തു പ്രതിവർഷം 54,000 കോടി രൂപയുടെ വരുമാനം ലഭിക്കുമെന്നു സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ കെ.എം. ചന്ദ്രശേഖർ പറയുന്നു. ഒരു ലിറ്റർ നീരയ്ക്കു 100 രൂപ പ്രകാരമുള്ള കണക്കാണിത്. ഇതിൽ കർഷകന് 27,000 കോടി രൂപയും നീര ടെക്നീഷ്യന്മാർക്ക് 13,500 കോടി രൂപയും ലഭിക്കും. നികുതിയായി 4050 കോടി രൂപ ഖജനാവിലെത്തിച്ചേരും.

നീര ഉത്പാദനത്തിലൂടെ കർഷകനുണ്ടാകുന്ന വരുമാനം സംസ്ഥാനത്തിന്റെ ജിഡിപി വർധിപ്പിക്കും. ഇതിനു പുറമേ ഗ്രാമീണ പുരോഗതിയും സാമൂഹ്യനേട്ടങ്ങളുണ്ടാകും. സുസ്ഥിര കാർഷികാദായവും അതുവഴി മെച്ചമായ ജീവിതനിലവാരവും ഉണ്ടാകും. ഗ്രാമീണ മേഖലയിൽ പുരോഗതിയുടെ പുത്തനുണർവിനു വഴിയൊരുക്കാനാകും. സുഷുപ്തിയിലായ കേരകർഷകനെ മുന്നേറ്റത്തിന്റെ പാതയിലേക്കു നയിക്കാനും നീര സഹായിക്കും.

പ്രാദേശികമായ സാമ്പത്തിക വളർച്ചയ്ക്ക് അനുഗുണമായാണു നീരയുടെ ഉത്പാദനം നടക്കുന്നത്. റബറിന്റെ വില കുറയുകയാണ്. ആഗോള വിപണിയിലെ സ്ഥിതിയും ആശാവഹമല്ല. ഈ സാഹചര്യത്തിൽ കാർഷികമേഖലയിലെ വരുമാനം പിടിച്ചുനിർത്താൻ നീരയ്ക്കു കഴിയണം.

കേരളത്തിന്റെ മുഖ്യവരുമാനം ടൂറിസത്തിൽ നിന്നാണ്. തെങ്ങ് പകർന്നുനൽകുന്ന പച്ചപ്പും സൗന്ദര്യവുമാണ് വിദേശികളെ ഇവിടേക്ക് ആകർഷിക്കുന്നത്. തെങ്ങും കേരളത്തിന്റെ സൗന്ദര്യവും നിലനിൽക്കണമെങ്കിൽ തെങ്ങിൽനിന്നു കർഷകനു വരുമാനം ലഭിക്കണമെന്നും അദ്ദേഹം പറയുന്നു.